"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക കക്ഷിയായ ശ്രീമതി എൽ. മഞ്ജുഷയ്ക്ക് '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.419/2025/LSGD** **തീയതി, തിരുവനന്തപുരം, 10-02-2025**

---

പരാമർശം:-

1. സ.ഉ.(പി) നം.32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ്കോടതിയുടെ എൽ.എ.ആർ 986/2009 നമ്പർ കേസിന്മേലുള്ള 26/09/2022-ലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/04/2023 തീയതിയിലെ കെ.16-423629/2023 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/06/2023-ലെ എസ്1/909/2021/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ 1/154 (L.A. Sy.No.1/261), 1/156 (L.A.Sy.No.1/262) എന്നിവയിൽ ഉൾപ്പെട്ടതും ശ്രീമതി എൽ.മഞ്ജുഷയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.09 ആർ സ്ഥലം ഏറ്റെടുത്തിരുന്നതിന് ലഭിച്ച നഷ്ടപരിഹാരത്തുക കുറവാണെന്ന് കാണിച്ച്, ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ സമാനതയിലുള്ള എൽ.എ.ആർ. 986/2009 നമ്പർ കേസിലെ പരാമർശം (2) വിധിന്യായപ്രകാരം ലഭിച്ച തുക ലഭിക്കുന്നതിന് ശ്രീമതി എൽ. മഞ്ജുഷ പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 8,23,149/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഒരുന്നൂറ്റി നാല്പത്തൊമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ 1/154 (L.A. Sy.No.1/261), 1/156 (L.A.Sy.No.1/262) എന്നിവയിൽ ഉൾപ്പെട്ടതും ശ്രീമതി എൽ.മഞ്ജുഷയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.09 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 986/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,23,149/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഒരുന്നൂറ്റി നാല്പത്തൊമ്പത് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീമതി എൽ. മഞ്ജുഷയ്ക്ക് (ചെങ്കൊടിവിളാകത്ത് വീട്, ചെറുവയ്ക്കൽ, തിരുവനന്തപുരം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി എൽ. മഞ്ജുഷ, ചെങ്കൊടിവിളാകത്ത് വീട്, ചെറുവയ്ക്കൽ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/200/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 10-02-2025 17:59:40
സെക്ഷൻ ഓഫീസർ